(ഇ) ആലപ്പുഴ-ബാംഗ്ലൂർ സർവ്വീസ് കായംകുളത്തേയ്ക്കു മാറ്റി കായംകുളം-കോയമ്പത്തൂർ ആയി ഓടിക്കുന്നുണ്ട്. ആലപ്പുഴയിൽ നിന്നും മറ്റു സർവ്വീസുകളൊന്നും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. എന്നാൽ ഡീസൽ ലഭ്യതയിലുണ്ടായ കുറവും ജീവനക്കാരുടെ ആകസ്മിക അവധിമൂലവും ബസ്സുകളുടെയും കുറവുകാരണവും വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ തൽക്കാലത്തേയ്ക്കു നിർത്തിവെച്ചിട്ടുണ്ട്.

ചേർപ്പ് നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

35 (1592) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയതായി കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇരിങ്ങാലക്കുട-കരാച്ചിറ കിഴുപുള്ളിക്കര, പെരിങ്ങോട്ടുകര ചെമ്മാപിള്ളി റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൃശ്ശൂർ, ഒല്ലൂർ-പെരിഞ്ഞേരി- ചേർപ്പ്-പഴുവിൽ-ആലപ്പാട് പുള്ള് റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ മണ്ഡലത്തിലെ ഒരു റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ റൂട്ടിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഈ റൂട്ടിലും ബസ് സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മാള ഡിപ്പോയിൽ ഡീസൽ അടിക്കുന്നതിനുള്ള സൗകര്യം

36 (1593) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ മാള ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് പ്രസ്തുത ഡിപ്പോയിൽ ഡീസൽ നിറയ്ക്കുന്നതിനുള്ള സൗകര്യമില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഡിപ്പോയിൽ ബസ്സുകൾക്ക് ഡീസൽ നിറയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly